മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

(സംഗ്രഹം)

IIRBS പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡ്യുവൽ ഡിഗ്രി ബി.എസ്.സി-എം.എസ്.സി. ഇന്റർ ഡിസിപ്ലിനറി പ്രോഗ്രാമിന്റെ കോഴ്സ്, കരിക്കുലം ഘടന, സിലബസ് എന്നിവയിൽ വ്യക്തത വരുത്തി - ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

---

അക്കാദമിക് എ XII സെക്ഷൻ

യു.ഒ.നം. 7468/AcAXII/1/107-2165/IIRBS/2018 തീയതി, പി.ഡി.ഹിൽസ്, 22.10.2018

---

പരാമർശം : 1) 31.12.2016 ലെ സിൻഡിക്കേറ്റ് യോഗം മിനിറ്റ്സ് ഇനം നം. 66/16.11/162467.
2) 24.03.2018 ലെ സിൻഡിക്കേറ്റ് യോഗം മിനിറ്റ്സ് ഇനം നം. 40/18.03/171834.
3) 26.09.2018 ലെ സിൻഡിക്കേറ്റ് യോഗം മിനിറ്റ്സ് ഇനം നം. 59/18.08/181579.

## ഉത്തരവ്

മേൽ സൂചന (2) പ്രകാരം ചേർന്ന സിൻഡിക്കേറ്റ് യോഗം സൂചന (1) പ്രകാരം അംഗീകാരം നൽകിയ IIRBS-പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡ്യുവൽ ഡിഗ്രി ബി.എസ്.സി-എം.എസ്.സി. ഇന്റർ ഡിസിപ്ലിനറി പ്രോഗ്രാമിന്റെ കോഴ്സ്, കരിക്കുലം ഘടന, സിലബസ് എന്നിവയെ സംബന്ധിച്ചുള്ള കാര്യങ്ങൾ പുനഃപരിശോധിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു. എന്നാൽ നിലവിൽ IIRBS-ന്റെ കോഴ്സ്, കരിക്കുലം ഘടന, സിലബസ് എന്നിവയ്ക്ക് സ.ഉ.നം.1458/1/എ.സി.എ5/2013 തീയതി 02.03.2013 പ്രകാരം 2013 ലും സ.ഉ.നം. 2483/എ.സി.എ5/1/ IIRBS/Regulations/2016 തീയതി 30.04.2016 പ്രകാരം 2016 ലും അംഗീകാരമുള്ളതായി കാണുന്നു. ഇപ്രകാരം സിൻഡിക്കേറ്റ് അംഗീകാരമുള്ള 2013ലെയും 2016ലെയും രണ്ട് സിലബസുകൾ IIRBS കോഴ്സിനു നിലനിൽക്കുന്നതിനാൽ 31.12.2016 ലെ സിൻഡിക്കേറ്റ് യോഗം ഏത് സിലബസാണ് തുടരുവാൻ തീരുമാനിച്ചത് എന്നും 24.03.2018 ലെ സിൻഡിക്കേറ്റ് തീരുമാനം ഏത് സിലബസിനാണ് ബാധകമാകുന്നത് എന്ന കാര്യത്തിലും വ്യക്തത വരുത്തുന്നതിനായി വൈസ് ചാൻസിലറുടെ ചുമതലയുള്ള പ്രോ. വൈസ് ചാൻസിലറുടെ 3.05.2018 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിരുന്നു. പരാമർശം (3) പ്രകാരം ചേർന്ന സിൻഡിക്കേറ്റ് യോഗം IIRBS പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡ്യുവൽ ഡിഗ്രി ബി.എസ്.സി-എം.എസ്.സി. ഇന്റർ ഡിസിപ്ലിനറി പ്രോഗ്രാമിന്റെ കോഴ്സ്, കരിക്കുലം ഘടന, സിലബസ് എന്നിവ സ.ഉ.നം. 2483/എ.സി.എ5/1/ IIRBS/Regulations/2016 തീയതി 30.04.2016 പ്രകാരം 2016 ൽ അക്കാദമിക് കൗൺസിൽ അംഗീകരിച്ച സിലബസ് നടപ്പിലാക്കാൻ തീരുമാനിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ദിലീപ് കുമാർ. ആർ
അസിസ്റ്റന്റ് രജിസ്ട്രാർ (അക്കാദമിക്-III)
രജിസ്ട്രാർക്കു വേണ്ടി

(മറുപുറം)

പകർപ്പ്

1. ഡയറക്ടർ IIRBS
2. വി.സി/പി.വി.സി എന്നിവരുടെ പി.എസ്-മാർ
3. രജിസ്ട്രാർ/സി.ഇ എന്നിവരുടെ പി.എ മാർ
4. JR II(Admin)/DR II (Acad)/AR III (Acad)
5. Ad.A VII/ Ad.B VII/CSS /Acc I/Acc II Sections
6. ഇ.ബി. സെക്ഷൻസ്
7. റെക്കോർഡ് സെക്ഷൻ/കണ്ടന്റ് മാനേജ്മെന്റ്
8. എസ്.എഫ്/എഫ്.സി

മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം